Talented Bankers Literary Panel
പുസ്തക പരിചയം 195

പുസ്തകം പരിചയപ്പെടുത്തുന്നത്, ഐശ്വര്യ വിമോഷ്
കാനറാ ബാങ്ക്

മാധവിക്കുട്ടിയുടെ പ്രണയനോവലുകൾ - മാധവിക്കുട്ടി

"എത്രയോ പ്രാചീനവും എത്രയോ സരളവുമായ ഒന്നാണ് അനുരാഗം. ഒരാളെ കാണുവാൻ തോന്നുക, ഒരാൾക്കായി അവനവനെത്തന്നെ സമ്മാനിക്കുക... അങ്ങനെയുള്ള സ്നേഹത്തെ മാത്രമേ എനിക്ക് മനസ്സിലാക്കാൻ കഴിയുന്നുള്ളൂ."

പ്രണയം ആത്മബലിയാണെന്നും പ്രേമികളുടെ മതം പ്രേമം മാത്രമാണെന്നും പ്രണയം ഒരു ചതുരംഗക്കളിയാണെന്നും എഴുതിയ 'പ്രണയത്തിന്റെ രാജകുമാരി'യുടെ, മലയാളത്തിന്റെ പ്രിയപ്പെട്ട എഴുത്തുകാരിയുടെ 6 പ്രണയനോവലുകളുടെ സമാഹാരം.

130 പേജുകളുള്ള ഈ പുസ്തകത്തിൽ 6 ചെറുനോവലുകൾ ആണുള്ളത്. 'പരുന്തുകൾ', 'അത്തറിന്റെ മണം', 'ആട്ടുകട്ടിൽ', 'രാത്രിയുടെ പദവിന്യാസം', 'കടൽ മയൂരം', 'രോഹിണി' എന്നിവയാണവ. മധ്യവയസ് പിന്നിട്ടവരാണ് ഈ നോവലുകളിൽ പ്രതിപാദിച്ചിട്ടുള്ള പ്രണയകഥകളിലെ നായികാനായകന്മാർ എല്ലാവരും തന്നെ. സമൂഹത്തിലെ വ്യവസ്ഥാപിതമായ പ്രണയസങ്കൽപ്പങ്ങളിൽ നിന്നുമുള്ള സ്വാതന്ത്ര്യം പ്രഖ്യാപിക്കലാണ് ഈ ആറു നോവലുകളിലും കാണാൻ കഴിയുക. തന്റെ കാലഘട്ടത്തിലെ മറ്റു എഴുത്തുകാരിൽ നിന്നും വ്യത്യസ്തമായി അതിതീവ്രമായ ധൈര്യമാണ് മാധവിക്കുട്ടി തന്റെ എഴുത്തിൽ പ്രദർശിപ്പിച്ചിരിക്കുന്നത്. ആ ധൈര്യത്തിനാണ് അവർക്കു ലഭിച്ച അംഗീകാരങ്ങൾ ഒക്കെത്തന്നെയും എന്ന് പറയേണ്ടി വരും. തന്റെ എഴുത്തിൽ അവർ പുലർത്തുന്ന ധീരതയും സത്യസന്ധതയുമാണ് അവരെ മറ്റുള്ളവരിൽ നിന്നും വ്യത്യസ്തയാക്കുന്നത്. അതു കൊണ്ടു തന്നെയാണല്ലോ അവർ പലപ്പോഴും ക്രൂരമായി വേട്ടയാടപ്പെട്ടിരുന്നതും. അവർക്കാരെയും ഭയമുണ്ടായിരുന്നില്ല - സമൂഹത്തിലെ മതവാദികളെയോ സദാചാരവാദികളെയോ ആരെയും തന്നെ. 'ആട്ടുകട്ടിൽ' എന്ന നോവലിൽ സദാചാരപോലീസിനെ ഭയക്കാത്ത നായകനെ നമുക്ക് കാണാൻ കഴിയും.

താൻ കല്യാണം കഴിക്കാതെ ജീവിതകാലം മുഴുവൻ മനസ്സിൽ കൊണ്ടു നടന്ന നായികക്കു വേണ്ടി, നായികയുടെ വഞ്ചകനായ മുൻഭർത്താവിനോട് നായകൻ പ്രതികാരം ചെയ്യുന്ന കഥയാണ് 'ആട്ടുകട്ടിൽ'.
'പരുന്തുകൾ' എന്ന നോവലിൽ, ഒരേ ആളെത്തന്നെ സ്നേഹിക്കുന്ന ഒരു

അമ്മയുടെയും മകളുടെയും കഥ പറയുന്നു. കഴിഞ്ഞു പോയ പ്രേമത്തെപ്പറ്റിയും, കവിയായിരുന്ന കാമുകനെപ്പറ്റിയും, അസുഖം വരുന്നതിനു മുൻപ് തനിക്കുണ്ടായിരുന്ന സൗന്ദര്യത്തെപ്പറ്റിയുമൊക്കെ വാചാലയാകുന്ന സഖീന എന്ന വൃദ്ധയുടെ കഥ പറയുന്നു 'അത്തറിന്റെ മണം' എന്ന നോവൽ. മധ്യവയസ്കനായ തന്റെ അച്ഛൻ, തന്റെ എതിർപ്പിനെ വകവയ്ക്കാതെ പുനർവിവാഹം ചെയ്യുന്നത് കാണേണ്ടി വരുന്ന 'മാനിക് ഡെപ്രസ്സീവ്' ആയ ശ്രീദേവി എന്ന പെൺകുട്ടിയുടെ കഥ പറയുന്നു 'രാത്രിയുടെ പദവിന്യാസം' എന്ന നോവലിൽ. 'കടൽ മയൂരം' എന്ന നോവൽ, ധനശാസ്ത്രവിദഗ്ദ്ധയായ പ്രൊഫസർ രേണുകാ ദേവിയുടെ, തന്നേക്കാൾ ഇരുപത് വയസ്സെങ്കിലും കുറവുള്ള മലേഷ്യക്കാരനായ കിം സൂങ്ങുമായുള്ള പ്രണയത്തിന്റെ കഥയാണ്. ഒരു കുഞ്ഞിനെ ലഭിക്കാനായി കന്യാകുമാരി ദേവിയെ തൊഴാൻ എത്തുന്ന രോഹിണിയുടെയും, തന്റെ ഭാര്യയുടെ കിടക്കയിലേക്ക് തന്റെ കൂട്ടുകാരനെ പറഞ്ഞു വിടുന്ന അവളുടെ ഭർത്താവിന്റെയും കഥ പറയുന്നു 'രോഹിണി' എന്ന, ഈ പുസ്തകത്തിലെ അവസാനനോവൽ.

മെയ് 31 ന് മാധവിക്കുട്ടിയുടെ ഓർമദിനം ആയിരുന്നു.
" 'നഷ്ടപ്പെട്ട നീലാംബരി'യും
'നീർമാതളം പൂത്ത കാല'വും മനസ്സിൽ 'നെയ് പായസ'ത്തിന്റെ മധുരം നിറക്കുന്ന പുന്നയൂർക്കുളത്തെ പ്രണയത്തിന്റെ രാജകുമാരി. വരികളിൽ ഗൃഹാതുരത നിറച്ചും കഥകളിൽ മോഹനവശ്യത പകർന്നും നടന്നു നീങ്ങിയ വഴികളിൽ പകർന്ന അക്ഷരചൈതന്യത്തിന് പ്രണാമം... "

പ്രസാധകർ : ഒലിവ് പബ്ലിക്കേഷൻസ്.
വില : Rs. 170/-